പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 817 07.02.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

**കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളുടെ ഗുണനില വാരം വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) | കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസ്. ഇതിന്റെ പ്രധാന ലക്ഷ്യം സാധാരണക്കാരായ രോഗികൾക്ക് മികച്ച നിലവാരത്തിലുള്ള ചികിത്സ നൽകുക എന്നതാണ്. ഈ പദ്ധതിയിൽ രോഗികളുടെയും ആശുപത്രി ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നു. ഈ പദ്ധതി പ്രകാരം രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ സൗകര്യം ഉറപ്പ് വരുത്തുക, ആരോഗ്യ സേവന രംഗത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുക, ആശുപത്രികളിലെ അണുബാധ തടയുക, സുരക്ഷിതമായ ഉപയോഗം ഉറപ്പാക്കുക, ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുക, ആശുപത്രി ലബോറട്ടറികളുടെ പരിശോധന ഫലത്തിന്റെ കൃത്യത ഉറപ്പുവരുത്തുക എന്നിവയാണ്. |
| (ബി) ഇത് എപ്പോൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ബി) | ആദ്യഘട്ടത്തിൽ താലൂക്ക് ആശുപത്രികൾ, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ, ജില്ലാ തലത്തിലുള്ള ആശുപത്രികൾ, എല്ലാ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 2 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 2 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>രണ്ടാം ഘട്ടത്തിൽ മറ്റ് ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ